എൽ.പി

കൂട

നിരീക്ഷണം

പ്രവർത്തനം 3

# പലതരം പല വിധം



കൂട്ടുകാരേ,

നമുക്ക് തൊട്ടടുത്തുള്ള തൊടിയിലേക്ക് ഒന്നിറങ്ങിയാലോ? ഒന്ന് ചുറ്റും നോക്കൂ. എത്ര തരം സസ്യങ്ങളാണ്. കണ്ണ് കുളിർക്കുന്നു. അല്ലേ? ഉയർന്നുയർന്നു പോകുന്നവ, ഉയരമില്ലാത്തവ, വലിയ ഇലകളുള്ളവ, പൂക്കളുള്ളവ, കായ്കനികളുള്ളവ, തൊട്ടാൽ വാടുന്നവ, ചൊറിയുന്നവ,പടർന്ന്പന്തലിക്കുന്നവ,ഒറ്റത്തടിയായി വളരുന്നവ, പടർന്നു കയറുന്നവ. ഈ പട്ടിക ഇനിയും നീട്ടാം. എങ്കിൽ നമുക്ക് ഇവയെ ഒന്ന് പട്ടികപ്പെടുത്താൻ ശ്രമിച്ചു നോക്കിയാലോ. ഒരു പേനയും പുസ്തകവും എടുത്തോളൂ.

ഈ പ്രവർത്തനത്തിന്റെ
വിശദീകരണ വീഡിയോ കാണാം



അറിയാം
നിറയാം
ഉയരാം

യുറീക്ക-ശാസ്ത്രകേരളം
വിജ്ഞാനോത്സവം

# എൽ.പി

## കൂട

## പ്രവർത്തനം 3





പതുക്കെ തൊടിയിലേക്കിറങ്ങാം. ആദ്യം എല്ലാമൊന്ന് എഴുതിവെക്കാം. ആദ്യം പേരറിയുന്നവ. അറിയാത്തവ മുതിർന്നവരോട് ചോദിച്ച് എഴുതാം. എല്ലാം ആയോ? ഒന്നും വിട്ടു പോവരുത്. എഴുതുമ്പോൾ സസ്യത്തിന്റെ സ്വഭാവം, മറ്റ് സവിശേഷതകൾ എല്ലാം എഴുതണേ. എഴുതിക്കഴിഞ്ഞ് അതിനെ ഒന്ന് വർഗ്ഗീകരിച്ച് പട്ടികപ്പെടുത്തി നോക്കൂ. ഉപയോഗം അറിയാമെങ്കിൽ അത് എഴുതാൻ മറക്കരുത്. **കൂട്ടത്തിൽ മനോഹരമായ ഒരു നിരീക്ഷണക്കുറിപ്പുകൂടി ആയാൽ ഗംഭീരം. എന്താ തയ്യാറല്ലേ?** ലൂക്കയിലെ സസ്യജാലകം പംക്തി സഹായത്തിനായി വായിക്കാം



അറിയാം
നിറയാം
ഉയരാം

യുറീക്ക-ശാസ്ത്രകേരളം
വിജ്ഞാനോത്സവം